## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3760 — 26.06.2012-ൽ മറുപടിയ്ക്ക്

### ഫർണിച്ചർ യൂണിറ്റിനുള്ള ലൈസൻസ്

| *ചോദ്യം* | | *ഉത്തരം* |
|---|---|---|
| ശ്രീ. എൻ.എ. നെല്ലിക്കുന്ന് : | | ശ്രീ. കെ.ബി. ഗണേഷ്കുമാർ (വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) കാസർഗോഡ് ജില്ലയിലെ മൊഗ്രാൽപുത്തൂർ പഞ്ചായത്ത് സ്വദേശി കെ. ബി. കുഞ്ഞാമു എന്നയാൾ ഫർണിച്ചർ യൂണിറ്റ് ആരംഭിക്കാൻ അപേക്ഷ സമർപ്പിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) & (ബി) & (സി) | ഉണ്ട്.<br><br>മരാധിഷ്ഠിത വ്യവസായ യൂണിറ്റുകൾക്ക് പ്രവർത്ത നാനുമതി നൽകുന്നതിനുള്ള കാലതാമസവും നടപടികളിലെ പ്രയാസങ്ങളും ഒഴിവാക്കുന്നതിനായി സമഗ്രമായ ചട്ടങ്ങൾക്ക് കേരള സർക്കാർ രൂപം നൽകിയിട്ടുണ്ട്. കേരള ഫോറസ്റ്റ് (റെഗുലേഷൻ ഓഫ് സോമിൽസ് ആന്റ് അദർ വുഡ് ബേസ്ഡ് ഇൻഡസ്ട്രീയൽ യൂണിറ്റ്സ്) റൂൾസ്,. 2012 എന്ന ചട്ടങ്ങൾ എസ്.ആർ.ഒ. നമ്പർ 269 ആയി 19.04.2012-ന് വിജ്ഞാപനം ചെയ്തിട്ടുണ്ട്. പ്രസ്തുത ചട്ടങ്ങളനുസരിച്ച് മരാധിഷ്ഠിത വ്യവസായ യൂണിറ്റുകൾക്ക് വനംവകുപ്പിന്റെ ലൈസൻസ് അനുവദിക്കുന്നതിനുള്ള അധികാരം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാരിൽ നിക്ഷിപ്തമാണ്. അപേക്ഷകൾ സ്വീകരിക്കു ന്നതിനും തീർപ്പ് കൽപ്പിക്കുന്നതിനും ടി ചട്ടങ്ങളിൽ സമയപരിധി നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. അപ്രകാരം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ മാർക്ക് അധികാരം നൽകിക്കൊണ്ടുള്ള വിജ്ഞാപനം വന്നതിന് ശേഷം ശ്രീ.കുഞ്ഞാമു വിന്റെ അപേക്ഷയിൽ അധികാരപ്പെടുത്തിയ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് തീർപ്പു കൽപ്പിക്കുവാൻ സാധിക്കുന്നതാണ്. |
| (ബി) ഉണ്ടെങ്കിൽ എന്ന് ലൈസൻസ് അനുവദിക്കാനാകും; | | |
| (സി) 4493 (dated -23-06-2010), FCI-4623/2010 ഫയലിലെ നടപടികൾ എന്തായെന്നും എന്നു തീർപ്പു കൽപ്പിക്കുമെന്നും വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ